**<u>പതിനാലാം കേരള നിയമസഭ</u>**

**<u>പതിനാറാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5082** | **15/11/2019- ൽ മറുപടിയ്ക്ക്**

## <u>കാർഷിക ഉല്പന്നങ്ങൾക്ക് വിലയിടിവ്</u>

| **<u>ചോദ്യം</u>**<br>**ശ്രീ.എം.ഉമ്മർ** | **<u>ഉത്തരം</u>**<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷിക ഉല്പന്നങ്ങൾക്കാണ് വിലയിടിവ് നേരിടുന്നതെന്നറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ; | (എ) സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് 13.09.2019-ൽ അവസാനിച്ച ആഴ്ചയിലെ കമ്പോള മൊത്ത വില നിലവാര അവലോകന റിപ്പോർട്ട് പ്രകാരം റിപ്പോർട്ടുവാരത്തെ വിലനിലവാരം മുൻവർഷം ഇതേ കാലത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ചുക്ക്, ഇഞ്ചി. ഏലം, റബ്ബർ, നേന്ത്രക്കായ, പച്ചക്കപ്പ, ഉണക്കക്കപ്പ, വെറ്റില എന്നിവയ്ക്ക് വില വർദ്ധനവും വെളിച്ചെണ്ണ, നാളികേരം, കുരുമുളക് എന്നിവയ്ക്ക് വിലക്കുറവും കൊപ്ര, അടയ്ക്ക, കൊട്ടപ്പാക്ക്, ശർക്കര എന്നിവയ്ക്ക് സമ്മിശ്ര പ്രതികരണവുമാണ് അനുഭവപ്പെട്ടത്. പ്രസ്തുത വകുപ്പ് 2019 ജൂലായിൽ പ്രസിദ്ധീകരിച്ച കമ്പോള മൊത്ത വില നിലവാര സൂചിക പ്രകാരം മുൻവർഷത്തെ ഇതേ കാലത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇഞ്ചി, ഏലം, കപ്പ, കപ്പലണ്ടി, റബ്ബർ, എള്ള്, കുരുമുളക്, കാപ്പി എന്നിവയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷത്തെ ഇതേ കാലത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ മഞ്ഞൾ, കശുവണ്ടി, അടയ്ക്ക, ഏത്തൻ, തേയില എന്നിവയ്ക്ക് വിലക്കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇവയിൽ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് കൂടുതൽ ആഘാതം ചെലുത്തുന്നത് ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) കാർഷികോല്പന്നങ്ങളുടെ വിലക്കുറവ് പൊതുവെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക് ആഘാതം ചെലുത്തുമെന്നുള്ള വിവരം നിരീക്ഷിച്ചിട്ടുണ്ട്. കുരുമുളക് ഒരു പ്രധാന കയറ്റുമതിയുല്പന്നം ആയതിനാൽ കുരുമുളകിന്റെ വിലയിടിവ് ഒരു പ്രധാന പ്രശ്നമായി കണക്കാക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | കാർഷികോത്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും, കാർഷിക ഉല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്, വിശദമാക്കാമോ? | (സി) | കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് വിവിധ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യവകുപ്പ് മുഖേന നെല്ല് സംഭരണവും നടപ്പിലാക്കി വരുന്നുണ്ട്.<br>കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കിലോ ഒന്നിന് 26/- രൂപ 95 പൈസ എന്ന നിരക്കിൽ സംഭരിച്ച് വരുന്നുണ്ട്. നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി പച്ചത്തേങ്ങ സംഭരണം കിലോയ്ക്ക് ഒന്നിന് 27.00 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.<br>പഴം, പച്ചക്കറി കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനായി വിപണി വികസന പദ്ധതി, ജൈവ കൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി എന്നിവയിലൂടെ 1131 വിപണികൾ സംസ്ഥാനത്തുടനീളം രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ കൊല്ലം, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, ഇടുക്കി എന്നീ ജില്ലകളിൽ ജില്ലാ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ച് വരുന്നുണ്ട്.<br>കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ ആനയറ, നെടുമങ്ങാട് എന്നിവിടങ്ങളിലും കോഴിക്കോട് ജില്ലയിലെ വേങ്ങരി, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലുമാണ് ഈ വിപണികൾ പ്രവർത്തിക്കുന്നത്. ആഴ്ചയിൽ 1-3 ദിവസം ഈ വിപണികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ലേല സംവിധാനത്തിലൂടെയാണ് ഉല്പന്നങ്ങൾ ഇവിടെ വിറ്റഴിക്കപ്പെടുന്നത്.<br>ഈ സംവിധാനങ്ങൾ എല്ലാം തന്നെ കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനും കാർഷികോല്പന്നങ്ങൾക്ക് കൂടുതൽ പ്രചാരം ലഭിക്കുന്നതിനും സഹായം ആയിട്ടുണ്ട് |

Sreelatha

**സെക്ഷൻ ഓഫീസർ**